**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 256** **08-08-2023 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഇന്ത്യൻ കോഫി ഹൗസ് പ്രവർത്തിച്ചിരുന്ന കെട്ടിടം പൊളിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
| --- | --- | --- | --- |
| ശ്രീ. സനീഷ്‌കുമാർ ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഇന്ത്യൻ കോഫി ഹൗസ് പ്രവർത്തിച്ചിരുന്ന തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ കെട്ടിടം പൊളിച്ച് നീക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്** |
| (ബി) | പ്രസ്തുത കെട്ടിടം പൊളിച്ച് നീക്കുന്നതിന് ഉത്തരവ് നൽകിയിട്ടുള്ളതാരാണെന്നും ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ; | (ബി) | **ഇന്ത്യൻ കോഫി ഹൗസ് പ്രവർത്തിച്ചിരുന്ന തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ കെട്ടിടം പൊളിച്ച് നീക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ ബഹു.ഹൈക്കോടതിയിൽ റിട്ട് പെറ്റീഷനും കോടതിയലക്ഷ്യ ഹർജിയും നിലനിന്നിരുന്നു. ഇന്ത്യൻ കോഫി ഹൗസിന് പ്രസ്തുത സ്ഥലത്ത് തുടരുന്നതിന് അവകാശമില്ലെന്ന് ബഹു.ഹൈക്കോടതി വിധി പുറപ്പെടുവിച്ചതിനെത്തുടർന്ന് തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജ് അധികൃതർ നടപടിക്രമങ്ങൾ പാലിച്ച് പ്രസ്തുത കെട്ടിടം പൊളിച്ച് നീക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയുണ്ടായി. ഇതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് അനുബന്ധം I ആയി ഉൾക്കൊള്ളിക്കുന്നു.** |
| (സി) | പ്രസ്തുത കെട്ടിടം പൊളിച്ച് നീക്കിയത് നടപടിക്രമങ്ങൾ പാലിച്ചാണോ; വിശദമാക്കാമോ; | (സി) | **മറുപടി ബി പിരിവിൽ ചേർത്തിട്ടുണ്ട്** |
| (ഡി) | പ്രസ്തുത കെട്ടിടം പൊളിക്കുന്നതിനുള്ള ചെലവ് വഹിച്ചതാരാണെന്നും ചെലവ് എത്രയാണെന്നും വെളിപ്പെടുത്തുമോ; | (ഡി) | കെട്ടിടം പൊളിക്കുന്നതിനായുള്ള ചെലവിനത്തിലുള്ള 24,480/- രൂപ, **തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജാശുപത്രി വികസനസമിതിയുടെ ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.** |
| (ഇ) | അനധികൃതമായാണ് പ്രസ്തുത കെട്ടിടം പൊളിച്ചിട്ടുള്ളതെങ്കിൽ ഇത് സംബന്ധിച്ച് മെഡിക്കൽ കോളേജ് അധികൃതർ പോലീസിൽ പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ പരാതിയുടെ പകർപ്പ് ലഭ്യമാക്കുമോ; പരാതി നല്കിയിട്ടില്ലെങ്കിൽ നല്കാത്തതിലുള്ള കാരണം വിശദമാക്കുമോ; | (ഇ) | കെട്ടിടം പൊളിക്കുന്നത് സംബന്ധിച്ച് മെഡിക്കൽ കോളേജ് അധികൃതർ പോലീസിൽ പരാതി നൽകിയിട്ടില്ല. |
| | | | |

| | | | |
|---|---|---|---|
| (എഫ്) | പ്രസ്തുത വിഷയത്തിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പും ആയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികളും വിശദമാക്കാമോ? | (എഫ്) | **പ്രസ്തുത വിഷയത്തിൽ ബഹു. ആലത്തൂർ ലോക്സഭാ എം.പി സർക്കാരിൽ കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിക്കുകയും തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി പരിസരത്തുള്ള താൽക്കാലിക ഷെഡിൽ പ്രവർത്തിച്ചിരുന്ന ഇന്ത്യൻ കോഫി ഹൗസ് കെട്ടിടം പൊളിച്ച് മാറ്റുന്നതിൽ യാതൊരു വിധ ചട്ടലംഘനവും നടന്നിട്ടില്ലായെന്ന് സർക്കാരിന് ബോധ്യപ്പെടുകയും പ്രസ്തുത വിവരം ബഹു. ആലത്തൂർ ലോക്സഭാ എം.പി - യെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം II ആയി ഉൾക്കൊള്ളിക്കുന്നു.** |

സെക്ഷൻ ഓഫീസർ

അനുബന്ധം I

തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി പരിസരത്തുള്ള താൽക്കാലിക ഷെഡിൽ പ്രവർത്തിച്ചിരുന്ന ഇന്ത്യൻ കോഫി ഹൗസ് ക്യാന്റീൻ നടത്തിപ്പിനായി മെഡിക്കൽ കോളേജ് പ്രിൻസിപ്പാളും ഇന്ത്യൻ കോഫി ബോർഡും തമ്മിലുണ്ടാക്കിയ കരാറിന്റെ കാലാവധി 2018 നവംബർ 30 ന് അവസാനിച്ചിരുന്നു. തുടർന്ന് ഷെഡ് ഒഴിയുന്നതിനുള്ള നോട്ടീസ് ഇന്ത്യൻ കോഫി ഹൗസിന് നൽകുകയുണ്ടായി. എന്നാൽ ഇതിന് ഒരു വർഷത്തെ സാവകാശം അനുവദിക്കണമെന്ന് അപേക്ഷിച്ച് ഇന്ത്യൻ കോഫി ഹൗസ് ബഹു.ഹൈക്കോടതിയിൽ 39208/2018 നമ്പർ റിട്ട് പെറ്റിഷൻ ഫയൽ ചെയ്യുകയും ടി കേസിലെ 15/02/2019 - ലെ വിധി പ്രകാരം ഇന്ത്യൻ കോഫി ഹൗസിന് മൂന്ന് മാസം സമയം അനുവദിക്കുകയുമുണ്ടായി. മെഡിക്കൽ കോളേജ് അധികൃതർക്ക് നിർമ്മാണ പ്രവർത്തിയുടെ തുടർ നടപടികളുമായി മുന്നോട്ട് പോകാമെന്നും എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിക്കുന്ന മുറക്ക് ചുരുങ്ങിയത് 15 ദിവസത്തിനകം നോട്ടീസ് നൽകി ഇന്ത്യൻ കോഫി ഹൗസിനെ ഒഴിപ്പിക്കാമെന്നും ഹൈക്കോടതി വ്യക്തമാക്കിയിരുന്നു. 2018 നവംബർ 30 മുതൽ മെഡിക്കൽ കോളേജുമായി യാതൊരു കരാറുകളുമില്ലാതെയാണ് ഇന്ത്യൻ കോഫി ഹൗസ് താൽക്കാലിക കെട്ടിടത്തിൽ പ്രവർത്തിച്ചു വന്നിരുന്നത്. ഇന്ത്യൻ കോഫി ഹൗസിന് അവണൂർ ഗ്രാമ പഞ്ചായത്ത് അനുവദിച്ചിരുന്ന ലൈസൻസ് 2019 മാർച്ച് 31 ന് കാലഹരണപ്പെട്ടിരുന്നു. പിന്നീട് നിർമ്മിച്ച ആശുപത്രി വികസന സമിതി ക്യാന്റീനിന്റെ നടത്തിപ്പിനായി നിരവധി തവണ ടെൻഡർ വിളിച്ചെങ്കിലും അവയിലൊന്നും പങ്കെടുത്ത് ഷെഡ് ഒഴിയാൻ ഇന്ത്യൻ കോഫി ഹൗസ് തയാറായിരുന്നില്ല. തുടർന്ന് മറ്റൊരു കരാറുകാരൻ പ്രതിവർഷം 2 കോടി 21 ലക്ഷം രൂപക്ക് ആശുപത്രി വികസന സമിതി ക്യാന്റീൻ നടത്തിപ്പ് അവകാശം നേടുകയുണ്ടായി. അനധികൃതമായി പ്രവർത്തിച്ചിരുന്ന കാന്റീൻ വൃത്തിഹീനമായ സ്ഥിതിയിലാണെന്ന പരാതിയിൽ നിരന്തരം പഞ്ചായത്ത് ഹെൽത്ത് ഇൻസ്പെക്ടർ, മെഡിക്കൽ കോളേജ് ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർ റിപ്പോർട്ട് നൽകിയിരുന്നു. കോവിഡ് കാലയളവിൽ മാനദണ്ഡങ്ങൾ പാലിക്കാതെ മെഡിക്കൽ കോളേജിൽ കോവിഡ് വ്യാപനത്തിന് കാരണക്കാരായതിനെത്തുടർന്ന് തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസർ പ്രസ്തുത ഇന്ത്യൻ കോഫി ഹൗസ് അടച്ചു പൂട്ടിയിരുന്നു. എന്നാൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ ഉത്തരവ് മറികടന്ന് ഇന്ത്യൻ കോഫി ഹൗസ് തുറന്നു പ്രവർത്തിക്കുകയുണ്ടായി. ക്യാന്റീൻ നടത്തിയ കാലയളവിൽ അനുമതിയില്ലാതെ നിരവധി നിർമ്മാണപ്രവർത്തനങ്ങൾ കോഫി ഹൗസ് നടത്തിയതിനെത്തുടർന്ന് ഇത് സംബന്ധിച്ച് പോലീസ് സ്റ്റേഷനിൽ പരാതി സമർപ്പിച്ചിട്ടുള്ളതാണ്. 08/06/2022 - ൽ വടക്കാഞ്ചേരി എം.എൽ.എ - യുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രോഗികളുടെ കൂട്ടിരുപ്പുകാർക്കുള്ള അഡീഷണൽ ഫസിലിറ്റി/ ടോയ്ലറ്റ് ബ്ലോക്ക് നിർമ്മാണം എന്നിവയ്ക്ക് സ്ഥലം കണ്ടെത്താനാകാതെ 2018 മുതൽ ആയത് നടപ്പിലാക്കുവാൻ സാധിച്ചില്ല എന്ന വിലയിരുത്തൽ നടത്തിയിരുന്നു. ഈ പ്രവർത്തിക്ക് ഭരണാനുമതിയും ലഭിച്ചിരുന്നു. ഒ.പി ബ്ലോക്കിൻ മുൻവശം, ആർദ്രം ബ്ലോക്കിന് സമീപം നിശ്ചിത നിർമ്മാണം

നടത്തുന്നതാണ് അഭികാമ്യം എന്ന് യോഗത്തിൽ അഭിപ്രായമുയർന്നിരുന്നു. അതിനാൽ താൽക്കാലിക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ കോഫി ഹൗസ് കെട്ടിടം അവിടെ നിന്നും ഒഴിപ്പിക്കുന്ന മുറക്ക് ആ സ്ഥലത്ത് നിർമ്മാണം നടത്തുന്നതിന് പ്രസ്തുത യോഗം തീരുമാനമെടുത്തിരുന്നു. ആശുപത്രി വളപ്പിൽ മറ്റൊരു ക്യാന്റീൻ പ്രവർത്തനം ആരംഭിക്കുന്ന മുറക്ക് താൽക്കാലിക കെട്ടിടം പൊളിച്ച് നീക്കാനും യോഗം തീരുമാനമെടുത്തിരുന്നു. വൃത്തിഹീനമായ സാഹചര്യത്തിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ കോഫി ഹൗസ് ഒഴിപ്പിക്കുന്നതിന് മെഡിക്കൽ കോളേജിന്റെ ഭാഗത്ത് നിന്ന് അലംഭാവമുണ്ടെന്ന വിലയിരുത്തൽ 2022 നവംബർ 29 ന് നടന്ന യോഗത്തിലുമുണ്ടായി. തുടർന്ന് ഇന്ത്യൻ കോഫി ഹൗസ് ഒഴിയുന്നതിന് 21 ദിവസത്തെ സമയമനുവദിച്ചു കൊണ്ട് ഇന്ത്യൻ കോഫി ഹൗസിന് 2022 ഡിസംബർ 27 ന് പ്രിൻസിപ്പാൾ നോട്ടീസ് നൽകിയിരുന്നു. 2022 ഡിസംബർ 29 ന് അവണൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കരാറോ ലൈസൻസോ ഇല്ലാതെ ചട്ടവിരുദ്ധമായി ഭക്ഷണശാല പ്രവർത്തിപ്പിക്കരുതെന്ന് കാണിച്ച് നോട്ടീസ് നൽകിയതിനെത്തുടർന്ന് ഇക്കാര്യം 39208/2018 നമ്പർ റിട്ട് പെറ്റീഷനിലെ വിധിയുടെ ലംഘനമാണെന്ന് ചൂണ്ടിക്കാട്ടി ഇന്ത്യൻ കോഫി ഹൗസ് സെക്രട്ടറി ബഹു.ഹൈക്കോടതിയിൽ 27/2023 നമ്പർ കോടതിയലക്ഷ്യ ഹർജി ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിൽ കഴമ്പില്ലെന്ന് കണ്ട് ബഹു.ഹൈക്കോടതി കേസ് തള്ളുകയും ഇന്ത്യൻ കോഫി ഹൗസിന് പ്രസ്തുത സ്ഥലത്ത് തുടരുന്നതിന് അവകാശമില്ലെന്ന് വിധി പുറപ്പെടുവിക്കുകയുമുണ്ടായി. തുടർന്ന് ഇന്ത്യൻ കോഫി ഹൗസ് അധികൃതർ നീക്കം ചെയ്യാതെ വച്ചിരുന്ന ബാക്കി വസ്തുവകകൾ പോലീസിന്റെയും കോഫി ഹൗസ് അധികൃതരുടെയും സാന്നിദ്ധ്യത്തിൽ അവിടെ നിന്നും നീക്കുകയും മറ്റൊരു കെട്ടിടത്തിൽ സുരക്ഷിതമായി സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. തദവസരത്തിൽ അലമാരയിൽ സൂക്ഷിച്ചിരുന്ന 43360/- രൂപ (നാൽപ്പത്തിമൂവായിരത്തി മുന്നൂറ്റി അറുപത് രൂപ മാത്രം) പോലീസിന്റെയും സാക്ഷികളുടെയും സാന്നിദ്ധ്യത്തിൽ ഇന്ത്യൻ കോഫി ഹൗസ് ജനറൽ മാനേജർ, ഇന്ത്യൻ കോഫി ഹൗസ് ബ്രാഞ്ച് മാനേജർ എന്നിവർ കൈപ്പറ്റിയിട്ടുള്ളതാണ്. പിന്നീട് താൽക്കാലിക ഷെഡ് പൊളിച്ചു മാറ്റി പി.ഡബ്ള്യു.ഡി നിർമ്മാണത്തിനായി തയാറാക്കിയിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തിയായാലുടനെ പ്രസ്തുത സ്ഥലത്ത് മുടങ്ങിക്കിടന്നിരുന്ന നിർമ്മാണം ആരംഭിക്കുമെന്ന് പി.ഡബ്ള്യു.ഡി അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി പരിസരത്തുള്ള താൽക്കാലിക ഷെഡിൽ പ്രവർത്തിച്ചിരുന്ന ഇന്ത്യൻ കോഫി ഹൗസ് കെട്ടിടം പൊളിച്ചു മാറ്റുന്നതിൽ യാതൊരു വിധ ചട്ടലംഘനവും നടന്നിട്ടില്ലായെന്ന് സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

S DME/1191/2023-K4 അനുബന്ധം II

I/143381/2023

<u>ഭരണ ഭാഷ മാതൃഭാഷ</u>

ഇ.മെയിൽ : dir.dme@kerala.gov.in, dmekerala@gmail.com

ഫാക്സ് : 0471-2443080

DME
മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം
DIRECTORATE OF MEDICAL EDUCATION

ഫോൺ: (ഓഫീസ് ) : 0471-2528575

ഡയറക്ടർ: 0471-2444011

മെഡിക്കൽകോളേജ്. പി.ഒ,

തിരുവനന്തപുരം-695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

---

**നമ്പർ. കെ 4 /1191 / 2023/മെ.വി.വ.** **തീയതി: 09-03-2023**

HEALTH AND FAMILY WELFARE
13 MAR 2023
GOVT. SECRETARIAT

സ്വീകർത്താവ്

അഡീഷണൽ ചീഫ് സെക്രട്ടറി
ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ്
തിരുവനന്തപുരം

മാഡം,

വിഷയം: മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്- ജനറൽ -തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഇന്ത്യൻ കോഫീ ഹൗസ് കെട്ടിടം പൊളിച്ചത് - ബഹു രമ്യ ഹരിദാസ് എം പി സമർപ്പിച്ച പരാതിയിന്മേൽ റിപ്പോർട്ട് ലഭ്യമാകുന്നത് -സംബന്ധിച്ച്

സൂചന:
1. ബഹു രമ്യ ഹരിദാസ് എം പി -യുടെ 15/02/2023 ലെ ആർ എച്ച് /248/2023 നമ്പർ കത്ത്
2. 21/02/2023-ലെ 29/എസ് 1/2023/ആ കു വ നമ്പർ സർക്കാർ കത്ത്
3. തൃശ്ശൂർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ 24/02/2023 -ലെ സി 4/9672/2010/എം സി ടി സി ആർ നമ്പർ കത്ത് .

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. തൃശ്ശൂർ മെഡിക്കൽ കോളേജിൽ കളക്ടറുടെ അനുവാദം ഇല്ലാതെ ഇന്ത്യൻ കോഫീ ഹൗസ് കെട്ടിടം പൊളിച്ചതുമായി ബന്ധപ്പെട്ട് ബഹു രമ്യ ഹരിദാസ് എം പി സൂചന (1) പ്രകാരം സമർപ്പിച്ച പരാതിയിന്മേൽ തൃശ്ശൂർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ സൂചന (3) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ഇതേ വിഷയത്തിൽ സൂചന (2) പ്രകാരം സർക്കാരും റിപ്പോർട്ട് തേടിയിട്ടുണ്ട്. ഈ വിഷയത്തിൽ തൃശ്ശൂർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ നൽകിയ കത്തിലെ പ്രധാന പരാമർശങ്ങൾ ചുവടെ ചേർക്കുന്നവയാണ് :-

മെഡിക്കൽ കോളജ് ആശുപത്രി പരിസരത്ത് നില നിന്നിരുന്ന താത്കാലിക ഷെഡ്ഡിലാണ് ഇന്ത്യൻ കോഫി ഹൗസ് കാന്റീൻ പ്രവർത്തിച്ചിരുന്നത്. കാന്റീൻ നടത്തിപ്പിനായി

മെഡിക്കൽ കോളേജ് പ്രിൻസിപ്പാളും ഇന്ത്യൻ കോഫീ ബോർഡും തമ്മിലുണ്ടാക്കിയ കരാറിന്റെ കാലാവധി 2018 നവംബർ 30 ന് അവസാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഷെഡ് ഒഴിയുന്നതിന് ഇന്ത്യൻ കോഫി ഹൗസിന് നോട്ടീസ് നൽകിയിരുന്നതാണ്. എന്നാൽ ഒഴിയുന്നതിനും, ജീവനക്കാരെ പുനർവിന്യസിക്കുന്നതിനും ഒരു വർഷത്തെ സാവകാശം അനുവദിക്കണമെന്ന് കാണിച്ച് ഇന്ത്യൻ കോഫീ ഹൗസ് ബഹു ഹൈക്കോടതിയിൽ WP(C) 39208/2018 പ്രകാരം കേസ് ഫയൽ ചെയ്യുകയും, ടി കേസിലെ 15/02/2019 -ലെ വിധിപ്രകാരം ഇന്ത്യൻ കോഫി ഹൗസിന് 3 മാസം സമയം അനുവദിക്കുകയുമാണുണ്ടായത്. മെഡിക്കൽ കോളജ് അധികൃതർക്ക് നിർമാണ പ്രവർത്തിയുടെ നടപടികളുമായി മുന്നോട്ട് പോകാമെന്നും, എല്ലാ നടപടിക്രമങ്ങളും പൂർത്തിയാകുന്ന മുറയ്ക്ക് ചുരുങ്ങിയത് 15 ദിവസത്തെ നോട്ടീസ് നൽകി ഇന്ത്യൻ കോഫി ഹൗസിനെ ഒഴിപ്പിക്കാമെന്നും കോടതി വ്യക്തമാക്കിയിരുന്നു.

2018 നവംബർ 30 മുതൽ മെഡിക്കൽ കോളജുമായി യാതൊരു കരാറുകളും ഇല്ലാതെയാണ് പ്രസ്തുത സ്ഥാപനം താത്കാലിക ഷെഡ്ഡിൽ പ്രവർത്തിച്ചുവന്നിരുന്നത്. ഇന്ത്യൻ കോഫി ഹൗസിന് അവണ്ണൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിച്ച ലൈസൻസ് 2019 മാർച്ച് 31 ന് കാലഹരണപ്പെട്ടു. പിന്നീട് നിർമ്മിച്ച ആശുപത്രി വികസന സമിതി കാന്റീനിന്റെ നടത്തിപ്പിനായി നിരവധി തവണ ടെൻഡർ വിളിച്ചെങ്കിലും അവയിലൊന്നും പങ്കെടുത്തു ഷെഡ് ഒഴിയാൻ ഇന്ത്യൻ കോഫി ഹൗസ് തയ്യാറായില്ല. തുടർന്ന് മറ്റൊരു കരാറുകാരൻ പ്രതിവർഷം 2 കോടി 21 ലക്ഷം രൂപക്ക് ആശുപത്രി വികസന സമിതി കാന്റീൻ നടത്തിപ്പ് അവകാശം കരസ്ഥമാക്കി.

അനധികൃതമായി പ്രവർത്തിച്ചിരുന്ന കാന്റീൻ വൃത്തിഹീനമായ സ്ഥിതിയിലാണ് എന്ന പരാതിയിൽ നിരന്തരം പഞ്ചായത്ത് ഹെൽത്ത് ഇൻസ്പെക്ടർ, മെഡിക്കൽ കോളജ് ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർ റിപ്പോർട്ട് നൽകിയിരുന്നു. കോവിഡ് പടർന്ന് പിടിച്ച കോവിഡ് തരംഗ സമയത്ത് സാമൂഹിക അകലം പോലുള്ള മാനദണ്ഡങ്ങൾ പാലിക്കാതെ മെഡിക്കൽ കോളജിൽ കോവിഡ് വ്യാപനത്തിന് കാരണക്കാരായതിനെത്തുടർന്ന് തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസർ എത്തി ഇന്ത്യൻ കോഫി ഹൗസ് അടച്ചു പൂട്ടിയിരുന്നു. എന്നാൽ തുറക്കാൻ അനുമതി നൽകാതിരുന്ന ജില്ലാ മെഡിക്കൽ ഓഫീസറുടെ ഉത്തരവ് മറികടന്ന് ഇന്ത്യൻ കോഫി ഹൗസ് വീണ്ടും തുറന്ന് പ്രവർത്തിക്കുകയായിരുന്നു.

കാന്റീൻ നടത്തിയ കാലയളവിൽ അനുമതി ഇല്ലാതെ നിരവധി നിർമ്മാണ പ്രവർത്തനങ്ങൾ ഇന്ത്യൻ കോഫി ഹൗസ് നടത്തുകയും, ആയത് സംബന്ധിച്ച് പോലീസ് സ്റ്റേഷനിൽ പരാതി നൽകുകയും ചെയ്തിട്ടുണ്ട്.

08.06.2022 ന് ബഹു.വടക്കാഞ്ചേരി എം.എൽ.എ ശ്രീ സേവ്യർ ചിറ്റിലപ്പിള്ളിയുടെ അധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിൽ കൂട്ടിരിപ്പുകാർക്കുള്ള അഡീഷണൽ ഫെസിലിററി/ടോയ്ലറ്റ് ബ്ലോക്ക് നിർമാണം എന്നിവയ്ക്ക് സ്ഥലം കണ്ടെത്താനാകാതെ 2018 മുതൽ ആയത് നടപ്പിലാക്കാൻ സാധിച്ചില്ല എന്ന് വിലയിരുത്തിയിരുന്നു. ഈ പ്രവൃത്തിയുടെ ഭരണാനുമതി 2021-ൽ റദ്ദാകുകയും പിന്നീട് പുതുക്കിയ ഭരണാനുമതി ലഭിക്കുകയും ചെയ്തിരുന്നു. ഓ പി ബ്ലോക്കിന് മുൻവശം, ആർദ്രം ബ്ലോക്കിന് സമീപം നിശ്ചിത നിർമാണം നടത്തുന്നതാണ് അഭികാമ്യം എന്ന് യോഗത്തിൽ അഭിപ്രായം ഉയർന്നിരുന്നു. താത്കാലിക കെട്ടിടത്തിൽ

പ്രവർത്തിക്കുന്ന ഇന്ത്യൻ കോഫി ഹൗസ് കാന്റീൻ അവിടെ നിന്നും ഒഴിവാക്കുന്ന മുറക്ക് ആ സ്ഥലത്ത് നിർമാണം നടത്തുന്നതിന് പ്രസ്തുത യോഗം തീരുമാനിച്ചു. ആശുപത്രി വളപ്പിൽ മറ്റൊരു കാന്റീൻ പ്രവർത്തനം ആരംഭിക്കുന്ന മുറക്ക് താത്കാലിക കെട്ടിടം പൊളിച്ചു നീക്കാനും യോഗം തീരുമാനിച്ചിരുന്നു. 2022 നവംബർ 29 ന് നടന്ന തുടർ യോഗത്തിൽ കരാർ ഇല്ലാതെ വൃത്തിഹീനമായ സാഹചര്യത്തിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ കോഫി ഹൗസ് ഒഴിപ്പിക്കുന്നതിന് മെഡിക്കൽ കോളജിന്റെ ഭാഗത്ത് നിന്നും അലംഭാവം ഉണ്ടെന്ന് യോഗത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ കുറ്റപ്പെടുത്തിയിരുന്നു.

ഇന്ത്യൻ കോഫി ഹൗസ് ഒഴിയുന്നതിന് 21 ദിവസത്തെ സമയം അനുവദിച്ചു കൊണ്ട് ഇന്ത്യൻ കോഫി ഹൗസിന് 2022 ഡിസംബർ 27-ന് പ്രിൻസിപ്പാൾ നോട്ടീസ് നൽകിയിരുന്നു. എന്നാൽ ഒഴിയുന്നതിന് 2018 ൽ ഒരു വർഷത്തെ സാവകാശം ആവശ്യപ്പെട്ട ഇന്ത്യൻ കോഫി ഹൗസ് 4 വർഷത്തിലധികം പ്രവർത്തിച്ചിട്ടും ഒഴിയാൻ തയ്യാറായില്ല. 2022 ഡിസംബർ 29ന് അവണൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി കരാറോ, ലൈസൻസോ ഇല്ലാതെ ചട്ട വിരുദ്ധമായി ഭക്ഷണശാല പ്രവർത്തിക്കരുത് എന്ന് കാണിച്ച് നോട്ടീസ് നൽകിയതിനെത്തുടർന്ന് ഇക്കാര്യം WP(C) 39208/2018-ന്മേലുള്ള കോടതി വിധിയുടെ ലംഘനമാണ് എന്ന് കാണിച്ച് പ്രിൻസിപ്പൽ, ആശുപത്രി സൂപ്രണ്ട്, പഞ്ചായത്ത് സെക്രട്ടറി എന്നിവർക്കെതിരെ ഇന്ത്യൻ കോഫി ഹൌസ് സെക്രട്ടറി, ബഹു. കേരള ഹൈക്കോടതിയിൽ con case (c) 27/2023 നമ്പറായി കോടതിയലക്ഷ്യ കേസ് ഫയൽ ചെയ്തിരുന്നു.

2023 ജനുവരി 18 ന് ബഹുമാനപ്പെട്ട ആരോഗ്യമന്ത്രിയുടെ നിർദേശപ്രകാരം ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പ്രത്യേക സ്ക്വാഡ് ഇന്ത്യൻ കോഫി ഹൗസ് പരിശോധന നടത്തുകയും ഭക്ഷണ ശാല പൂട്ടി സീൽ ചെയ്യുകയും ചെയ്തിരുന്നു. പിന്നെയും അനുമതിയില്ലാതെ നിർമാണ പ്രവർത്തനങ്ങളും, മാനദണ്ഡങ്ങൾ പാലിക്കാതെ ഇൻസിനറേറ്റർ ഉൾപ്പെടെ സ്ഥാപിക്കാൻ ശ്രമം നടത്തുകയും ചെയ്തത് അനുവദിക്കുകയുണ്ടായില്ല.

ഇന്ത്യൻ കോഫി ഹൗസ് സെക്രട്ടറി, ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത con case (c) 27/2023 നമ്പർ കോടതിയലക്ഷ്യ കേസ് കഴമ്പില്ലെന്ന് കണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതി തള്ളുകയും, ഇന്ത്യൻ കോഫി ഹൗസിന് പ്രസ്തുത സ്ഥലത്ത് തുടരുന്നതിന് അവകാശമില്ലെന്ന് വിധി പ്രസ്താവിക്കുകയും ചെയ്തു. തുടർന്ന് ഇന്ത്യൻ കോഫി ഹൗസ് അധികൃതർ നീക്കം ചെയ്യാതെ വെച്ചിരുന്ന ബാക്കി വസ്തുവകകൾ പോലീസിന്റെയും, ഇന്ത്യൻ കോഫി ഹൗസ് അധികൃതരുടെയും സാന്നിദ്ധ്യത്തിൽ അവിടെ നിന്നും നീക്കം ചെയ്യുകയും, മറ്റൊരു കെട്ടിടത്തിൽ സുരക്ഷിതമായി സൂക്ഷിച്ചിട്ടുള്ളതുമാണ്. തദവസരത്തിൽ അലമാരയിൽ സൂക്ഷിച്ചിരുന്ന ₹43360 രൂപ പോലീസിന്റെയും സാക്ഷികളെയും സാന്നിദ്ധ്യത്തിൽ ഇന്ത്യൻ കോഫി ഹൗസ് ജനറൽ മാനേജർ, ഇന്ത്യൻ കോഫി ഹൗസ് ബ്രാഞ്ച് മാനേജർ എന്നിവർ കൈപ്പറ്റിയിട്ടുള്ളതാണ്. പിന്നീട് താൽകാലിക ഷെഡ് പൊളിച്ചു നീക്കി പ്രസ്തുത സ്ഥലം PWD നിർമാണത്തിനായി തയ്യാറാക്കിയിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തിയായാൽ ഉടനെ പ്രസ്തുത സ്ഥലത്ത് മുടങ്ങി കിടന്നിരുന്ന നിർമാണം ആരംഭിക്കുമെന്നാണ് PWD അറിയിച്ചിട്ടുള്ളത്.

ഇന്ത്യൻ കോഫി ഹൗസ് കെട്ടിടം പൊളിച്ചു മാറ്റുന്നതിൽ യാതൊരു വിധത്തിലുള്ള

ചട്ട ലംഘനവും നടന്നിട്ടില്ലായെന്നാണ് തൃശ്ശൂർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ റിപ്പോർട്ടിൽ നിന്നും വ്യക്തമാകുന്നത്. മാത്രമല്ല  ടി കെട്ടിടം പൊളിച്ചു മാറ്റുന്നതുമായി ബന്ധപ്പെട്ട് വ്യക്തമായ അറിയിപ്പ് നൽകുകയും, ഇന്ത്യൻ കോഫി ഹൗസ് അധികൃതർ നീക്കം ചെയ്യാതെ വെച്ചിരുന്ന ബാക്കി വസ്തുവകകൾ പോലീസിന്റെയും, ഇന്ത്യൻ കോഫി ഹൗസ് അധികൃതരുടെയും സാന്നിദ്ധ്യത്തിൽ അവിടെ നിന്നും നീക്കം ചെയ്യുകയും മറ്റൊരു കെട്ടിടത്തിൽ സുരക്ഷിതമായി സൂക്ഷിക്കുകയും ചെയ്ത ശേഷമാണ് കെട്ടിടം പൊളിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ തുടർ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി കൂട്ടിരിപ്പുകാർക്കുള്ള അഡീഷണൽ ഫെസിലിററി/ടോയ്ലറ്റ് ബ്ലോക്ക് നിർമ്മാണം നടത്തുന്നതിനുള്ള സ്ഥലസൗകര്യം ഒരുക്കുന്നതിനുവേണ്ടിയാണ് ഇന്ത്യൻ കോഫി ഹൗസ് കെട്ടിടം പൊളിച്ചു മാറ്റിയിട്ടുള്ളത്. ഇക്കാര്യങ്ങൾ സൂചന (1) കത്ത്, സൂചന (3) റിപ്പോർട്ട്, അനുബന്ധ രേഖകൾ എന്നിവയുടെ പകർപ്പുകളോടൊപ്പം അറിവിലേക്കായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

Signed by
Thomas Mathew
Date: 09-03-2023 21:31:29

THOMAS MATHEW
DIRECTOR

ഉള്ളടക്കം: മേൽ പ്രസ്താവിച്ചതുപോലെ